ശൈഖ് മുഹമ്മദുൽ ഗസാലി

# രോഗം ബാധിച്ച മനുഷ്യമനസ്സ്

**ഭൂമിയിൽ** മനുഷ്യന്റെ ഭാവിയിൽ മലക്കുകൾ ശുഭാപ്തിക്കാരായിരുന്നില്ല. അവൻ കടുപ്പപ്പെട്ട പരീക്ഷണങ്ങൾക്കു മുമ്പിൽ പതറിപ്പോകാനും ഇഛകൾക്കും പ്രലോഭനങ്ങൾക്കും മുമ്പിൽ പിടിത്തം വിട്ടുപോകാനും മണ്ണിന്റെ അസൽ ഇടവരുത്തിയേക്കുമെന്ന് അവർ കരുതിയിരിക്കണം. അല്ലെങ്കിൽ, ദൈവകൽപനകൾ പാലിക്കാതിരുന്ന, ദൈവനിർദേശങ്ങളിൽ വീഴ്ച വരുത്തിയ മറ്റു പല വർഗങ്ങളെപ്പോലെത്തന്നെയായിരിക്കും മനുഷ്യനെന്ന് അവർ നിനച്ചിരിക്കും. അതുമല്ലെങ്കിൽ ഭൂമിയിൽ, മനുഷ്യാധിപത്യത്തിൽ നടമാടാനിരിക്കുന്ന സംഘട്ടനങ്ങളുടെയും മനുഷ്യൻ കൈക്കൊള്ളാനിരിക്കുന്ന വക്രമാർഗങ്ങളുടെയും ചില ചിത്രങ്ങൾ, അദൃശ്യതയുടെ ഒളിവെട്ടങ്ങളിലൂടെ അവർ ദർശിച്ചിരിക്കാമെന്നുമാകാം.

ഏതായാലും മലക്കുകൾ തങ്ങളുടെ ഉത്കണ്ഠ ദൈവസന്നിധിയിൽ പ്രകടിപ്പിക്കുകതന്നെ ചെയ്തു: "ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും ചോരചിന്തുകയും ചെയ്യുന്നവരെയാണോ നീ അവിടെ നിയോഗിക്കാൻ പോകുന്നത്?" (*അൽബഖറ* 30). അതിന് അല്ലാഹുവിന്റെ പ്രത്യുത്തരം ഇതായിരുന്നു: "തീർച്ചയായും നിങ്ങളറിയാത്ത പലതും ഞാനറിയുന്നുണ്ട്" (*അൽബഖറ* 30).

അല്ലാഹു ആദമിനെ സൃഷ്ടിച്ച്, സകല വസ്തുക്കളെയും വിവേചിച്ചറിയാനുള്ള ബുദ്ധി നൽകി. ഒളിഞ്ഞതും തെളിഞ്ഞതും മനസ്സിലാക്കാനും വസ്തുക്കളെയും ശക്തികളെയും വശത്താക്കാനും പോന്ന മഹസ്സിദ്ധി ആദമിൽ നിക്ഷേപിച്ചു. ഈ മനുഷ്യൻ, അവന്റെ അംഗങ്ങളും ഇന്ദ്രിയങ്ങളും പരിമിതമാണെങ്കിലും തനിക്ക് ചുറ്റുമുള്ളതിന്റെ യജമാനനും അധിപനും ആകാൻ തക്കവണ്ണം വമ്പൻ കഴിവുകളുടെ ഉടമയാണ്. അവനിപ്പോൾ ശൂന്യാകാശത്തിൽ ഊളിയിടുന്നതും താരകങ്ങളെ കൈപ്പിടിയിലൊതുക്കുന്നതും കണ്ട് മലക്കുകൾ ഒരുപക്ഷേ അത്ഭുതം കൂറുന്നുണ്ടായിരിക്കണം!

എന്നാൽ, മനുഷ്യന്റെ മഹത്വം ഇത്തരം ബാഹ്യസിദ്ധികളിലല്ല. കൂടുതൽ മുഖ്യവും ഉന്നതവുമായ മറ്റൊരു സംഗതിയാണതിന്റെ നിദാനം. അവനെ സൃഷ്ടിച്ചു സംരക്ഷിക്കുന്ന, തന്റെ സ്ഥാനവും മാനവും ഉയർത്തിയ, പ്രപഞ്ചത്തെ സൃഷ്ടിക്കുകയും അതിനെ തനിക്ക് അധീനമാക്കുകയും ചെയ്ത ജഗന്നിയന്താവായ തമ്പുരാനെ അറിയുകയും അനുസരിക്കുകയും ചെയ്യുന്നതിലാണ് മനുഷ്യന്റെ മഹത്വമത്രയും നിലകൊള്ളുന്നത്. അല്ലാഹുവിനെ അറിയുകയും അവന് തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്ത, അവന്റെ നാമത്തിൽ ജീവിതത്തിന്റെ താഴുകൾ തുറക്കുന്ന അത്തരം മനുഷ്യരാണ് ഭൂമിയിൽ മനുഷ്യസാന്നിധ്യത്തിന്റെ അർഥം വിളംബരം ചെയ്യുന്നത്. അല്ലാഹുവിനോട് 'നാഥാ, കുറ്റമറ്റവൻ നീ മാത്രം. നീ പഠിപ്പിച്ചുതന്നതല്ലാതൊന്നും ഞങ്ങൾക്കറിയില്ല. ഏറ്റവും അറിയുന്നവനും യുക്തിമാനും നീ മാത്രം' (*അൽബഖറ* 32) എന്ന് മലക്കുകൾ പറഞ്ഞപ്പോൾ ഈ വിഭാഗം മനുഷ്യരെ പറ്റിയുള്ള വൃത്താന്തമായിരിക്കും അവർക്ക് ആശ്വാസമരുളിയത്.

മനുഷ്യജീവിതത്തിന്റെ ഖുർആനികകഥനം ചിന്തയെ പലതലങ്ങളിൽ പിടിച്ചുനിർത്തുന്നുണ്ട്. ആദ്യമായി മനുഷ്യജീവിതത്തെ ചൂഴ്ന്നുനിൽക്കുന്ന അനുഗ്രഹങ്ങൾതന്നെ. *സൂറത്തുൽ ബഖറ*യിൽ ഇങ്ങനെ വായിക്കാം: "അവനാണ് ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്കായി സൃഷ്ടിച്ചത്" (*അൽബഖറ* 29). അതിനൽപം മുമ്പ്: "നിങ്ങൾക്ക് ഭൂമിയെ വിരിപ്പും ആകാശത്തെ മേലാപ്പുമാക്കിത്തന്നവൻ. മാനത്തുനിന്ന് മഴ വീഴ്ത്തി, അതുവഴി നിങ്ങൾക്ക് കഴിക്കാനുള്ള കായ്കനികൾ കിളിർപ്പിച്ചു തന്നവൻ" (*അൽബഖറ* 22). *സൂറത്തുൽ അഅ്റാഫി*ലെ കഥനനേരത്ത് പറഞ്ഞത് ഇങ്ങനെ: "നിങ്ങൾക്ക് നാം ഭൂമിയിൽ സൗകര്യമൊരുക്കിത്തന്നു. ജീവിതവിഭവങ്ങളും നൽകി. എന്നിട്ടും നന്നേക്കുറച്ചേ നിങ്ങൾ നന്ദി കാണിക്കുന്നുള്ളൂ. തീർച്ചയായും നിങ്ങളെ സൃഷ്ടിച്ചതും പിന്നെ നിങ്ങൾക്ക് രൂപമേകിയതും നാമാണ്. തുടർന്ന് നാം മലക്കുകളോട് പറഞ്ഞു: ആദമിനെ പ്രണമിക്കുക" (*അൽഅഅ്റാഫ്* 10,11).

*സൂറത്തുൽ ഹിജ്റിൽ* മനുഷ്യജീവിതത്തെ പൊതിഞ്ഞുനിൽക്കുന്ന ഒട്ടുവളരെ അനുഗ്രഹങ്ങൾ എണ്ണിപ്പറയുന്നുണ്ട്. അതിൽ ഇങ്ങനെ കാണാം: "ആകാശത്ത് നാം രാശികളുണ്ടാക്കിയിരിക്കുന്നു. കാണികൾക്ക് അത് അലംകൃതമാക്കുകയും ചെയ്തിരിക്കുന്നു. ആട്ടിയോടിക്കപ്പെട്ട മുഴുവൻ പിശാചുക്കളിൽനിന്നും നാമതിനെ കാത്തുരക്ഷിച്ചിരിക്കുന്നു. കട്ടുകേൾക്കുന്നവനിൽനിന്നൊഴികെ. അങ്ങനെ ചെയ്യുമ്പോൾ തീക്ഷ്ണമായ ജ്വാല അവനെ പിന്തുടരുന്നു. ഭൂമിയെ നാം വിശാലമാക്കി. അതിൽ മലകളെ ഉറപ്പിച്ചുനിർത്തി. അതിൽ നാം നാനാതരം വസ്തുക്കൾ കൃത്യമായ പരിമാണത്തോടെ മുളപ്പിച്ചു. നാമതിൽ നിങ്ങൾക്ക് ജീവനോപാധികൾ ഉണ്ടാക്കിവെച്ചിരിക്കുന്നു" (*അൽഹിജ്ർ* 16–20).

മനുഷ്യൻ ആഹരിക്കുന്ന റൊട്ടിയുടെ നിർമാണത്തിൽ ആകാശവും ഭൂമിയും ഒപ്പത്തിനൊപ്പം പങ്കാളികളാകുന്നുണ്ട്. മണ്ണ്, മേഘം, പ്രകാശം അങ്ങനെ ഒരുപാട് വസ്തുക്കൾ. അവയൊക്കെയും മനുഷ്യന് ഉണ്ണാനുള്ളതും ഉടുക്കാനുള്ളതും ഒരുക്കുന്നതിൽ തമ്മിൽ സഹകരിച്ചും പങ്കുകൊണ്ടുമിരിക്കുന്നു. അതിസൂക്ഷ്മവും അതിബൃഹത്തുമായ പദാർഥങ്ങളുടെ ഒരു ശൃംഖലതന്നെ മനുഷ്യനെ സേവിക്കുന്നതിലും അവന് ജീവിതോപാധികൾ ഉറപ്പുവരുത്തുന്നതിലും അണിനിരന്നതായി കാണാം. ആകാശത്ത് നീന്തിത്തുടിക്കുന്ന താരകങ്ങളും കണ്ണുകൾക്ക് കാണാൻ കഴിയാത്ത സൂക്ഷ്മ ജീവികളും വരെ ഈ പ്രക്രിയയിൽ വീഴ്ചവരുത്താതെ പണിയെടുക്കുന്നു.

പ്രപഞ്ചത്തിന്റെ ഗാംഭീര്യത്തിലേക്ക് വിരൽചൂണ്ടി ഖുർആനിൽ വന്ന ഒട്ടുവളരെ ശപഥങ്ങളുടെ രഹസ്യം അതാണെന്ന് തോന്നുന്നു: "സൂര്യാസ്തമയ സമയത്തെ ശോഭ സാക്ഷി. രാത്രിയും അതുൾക്കൊള്ളുന്നവയും സാക്ഷി. ചന്ദ്രൻ സാക്ഷി- അത് പൂർണത പ്രാപിക്കുമ്പോൾ. നിശ്ചയമായും നിങ്ങൾ പടിപടിയായി പുരോഗമിച്ചുകൊണ്ടിരിക്കും" (*അൽഇൻശിഖാഖ്* 16–19). "നിസ്സംശയം ചന്ദ്രനാണ് സത്യം. രാത്രിയാണ് – അത് പിന്നിടുമ്പോൾ. പ്രഭാതമാണ് സത്യം- അത് പ്രശോഭിതമാകുമ്പോൾ. നരകം ഗൗരവമുള്ള ഒരു കാര്യംതന്നെ" (*അൽമുദ്ദസ്സിർ* 32–35).

അടിച്ചുവീശുന്ന കാറ്റ്, പെയ്തിറങ്ങുന്ന മേഘങ്ങൾ, കൃഷി, കൊയ്ത്ത്, കച്ചവടം, തൊഴിൽ, വിഭവങ്ങൾ തുടങ്ങിയവ സാക്ഷിനിർത്തിയുള്ള ശപഥം ശ്രദ്ധിക്കുക: "പൊടി പറത്തുന്നവ സാക്ഷി. കനത്ത മേഘങ്ങൾ വഹിക്കുന്നവ സാക്ഷി. തെന്നിനീങ്ങുന്നവ സാക്ഷി. കാര്യങ്ങൾ വീതിച്ചുകൊടുക്കുന്നവ സാക്ഷി. നിങ്ങൾക്ക് വാഗ്ദത്തം ചെയ്യപ്പെടുന്ന കാര്യം സത്യംതന്നെ; തീർച്ച" (*അദ്ദാരിയാത്ത്* 1–5).

സർവലോക രക്ഷിതാവായ തമ്പുരാൻ, താൻ സൃഷ്ടിച്ചതെല്ലാം തികവും മികവും ഉറ്റതാക്കിയിരിക്കുന്നു. അതേപ്പറ്റി അവൻ നമുക്ക് പറഞ്ഞുതരികയാണ്, നാം അത്ഭുതം കൂറാനും ആസ്വദിക്കാനും. ഇസ്‌ലാമിലേക്ക് ചേർന്നുനിൽക്കുകയും, പ്രപഞ്ചസംവിധാനത്തെ പഠിക്കുകയോ അതിലെ രഹസ്യങ്ങൾ ക

ണ്ടെത്തുകയോ ചെയ്യാതെ പുറംതിരിയുകയും ചെയ്യുന്നവരുടെ കാര്യം വിചിത്രം തന്നെ! എന്ത് വിശ്വാസമാണിത്? ജീവിതത്തെപ്പറ്റിയും ആ ജീവിതത്തിൽ ആദമിന്റെയും സന്തതികളുടെയും പങ്കിനെപ്പറ്റിയും ഉള്ള വല്ലാത്തൊരു വിവരക്കേട് തന്നെ!

ഖുർആനിലെ മനുഷ്യൻ ഉന്നതനും ആദരിക്കപ്പെട്ടവനും സേവിക്കപ്പെടുന്നവനും ഒക്കെയാണ്. തന്റെയീ അനുഗ്രഹങ്ങളെ അറിയുകയും വിലമതിക്കുകയും ചെയ്യാത്തവരെ അധിക്ഷേപിക്കാൻ അല്ലാഹുവിന് തീർച്ചയായും അവകാശമുണ്ട്: "നിങ്ങൾ കാണുന്നില്ലേ, ആകാശഭൂമികളിലുള്ളതെല്ലാം അല്ലാഹു നിങ്ങൾക്ക് അധീനപ്പെടുത്തിത്തന്നത്? ഒളിഞ്ഞതും തെളിഞ്ഞതുമായ അനുഗ്രഹങ്ങൾ അവൻ നിങ്ങൾക്ക് നിറവേറ്റിത്തന്നതും. എന്നിട്ടും വല്ല വിവരമോ മാർഗദർശനമോ വെളിച്ചമേകുന്ന ഗ്രന്ഥമോ ഒന്നുമില്ലാതെ അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിച്ചുകൊണ്ടിരിക്കുന്നവർ ജനങ്ങളിലുണ്ട്" (*ലുഖ്മാൻ* 20).

മനുഷ്യന്റെ ഭൗതികമായ മഹത്വത്തിന്റെ കാര്യമാണിതത്രയും. ഇനി അവന്റെ ആത്മീയ വശവുമായി ബന്ധപ്പെട്ട് ചിലത്. അത്യുന്നതനായ അല്ലാഹുവിന്റെ ആത്മാവിൽനിന്നുള്ള 'ഊത്താ'ണ് മനുഷ്യൻ. അല്ലാഹു അങ്ങനെയാണ് ആദമിനെ സൃഷ്ടിച്ചത്. ഓരോ മനുഷ്യനും ജന്മമെടുക്കുന്നത് അങ്ങനെത്തന്നെ. ആകാശത്തും ഭൂമിയിലുമായി അനേകമനേകം ജീവജാലങ്ങളുണ്ട്. അവയുടെ ജീവനും മനുഷ്യന്റെ ജീവനും പക്ഷേ വ്യത്യസ്തമാണ്. മനുഷ്യജീവൻ സമുന്നതവും സവിശേഷവുമാണ്. സൃഷ്ടിപ്പിന്റെ അനുഗ്രഹങ്ങൾ ഏറ്റുവാങ്ങിയ ജീവികളിൽ ആദമിനെ മാത്രമാണ് അല്ലാഹു ഇങ്ങനെ വിശേഷിപ്പിച്ചത്: "ഞാനവനെ രൂപപ്പെടുത്തുകയും എന്റെ ആത്മാവിൽനിന്നവനിൽ ഊതുകയും ചെയ്തു" (*അൽഹിജ്ർ* 29). ഈ ആദരിക്കൽ അന്ത്യനാൾവരേക്കും ആദംസന്തതികളിൽ തുടർന്നുകൊണ്ടിരിക്കുന്നു: "താൻ സൃഷ്ടിക്കുന്ന ഏതും ഏറെ നന്നായി ക്രമീകരിച്ചവനാണവൻ. അവൻ മനുഷ്യസൃഷ്ടി ആരംഭിച്ചത് കളിമണ്ണിൽനിന്നാണ്. പിന്നെ അവന്റെ വംശപരമ്പരയെ വളരെ നിസ്സാരമായ ഒരു ദ്രാവകത്തിൽനിന്നുണ്ടാക്കി. പിന്നെ അവനെ വേണ്ടവിധം രൂപപ്പെടുത്തി, തന്റെ ആത്മാവിൽനിന്ന് അവനിൽ ഊതി. നിങ്ങൾക്കവൻ കേൾവിയും കാഴ്ചകളും ഹൃദയങ്ങളും ഉണ്ടാക്കിത്തന്നു" (*അസ്സജദ* 7-9).

ദൈവികമായ ഈ 'ഊത്തി'ലൂടെ മനുഷ്യൻ തന്റെ 'സഹജീവികളേ'ക്കാൾ ഔന്നത്യമുള്ള ഒരു പുതിയ ജീവിയായി തീർന്നു. അതാണ് അല്ലാഹു പറഞ്ഞത്: "പിന്നെ നാം എല്ലുകളെ മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് നാമതിനെ തീർത്തും വ്യത്യസ്തമായ ഒരു സൃഷ്ടിയായി വളർത്തിയെടുത്തു" (*അൽമുഅ്മിനൂൻ* 14).

ആദമിന്റെ സൃഷ്ടിപ്പ് പൂർത്തിയാക്കിയ ശേഷം അല്ലാഹു മലക്കുകളോട് അദ്ദേഹത്തിന് പ്രണാമം ചെയ്യാൻ അരുളി. ഈ മനുഷ്യന്റെ ഉത്ഭവത്തിൽ ഉത്കണ്ഠപ്പെടുകയും അവനിൽനിന്നുണ്ടാകാൻ പോകുന്ന നാശവും അരാജകത്വവും ഓർത്ത് വ്യാകുലരാവുകയും ചെയ്തവരാണല്ലോ അവർ. അവരിപ്പോൾ ആ മനുഷ്യന്റെ സൃഷ്ടികർമം കഴിഞ്ഞ ശേഷം അവനെ പ്രണമിക്കാൻ കൽപിക്കപ്പെട്ടിരിക്കുകയാണ്. അതിന് കൂട്ടാക്കാത്തവൻ ദിവ്യകാരുണ്യത്തിൽനിന്ന് എന്നന്നേക്കുമായി ആട്ടിയോടിക്കപ്പെടുകയും ചെയ്തു. കാരണം മനുഷ്യനെ അവമതിക്കൽ അല്ലാഹുവിങ്കൽ വളരെ ഗൗരവപ്പെട്ട തെറ്റും ധിക്കാരവുമത്രെ!

മനുഷ്യന് ഉന്നതമായ സ്ഥാനവും വലുതായ കഴിവുകളും നൽകിയ അല്ലാഹു അവനെ വെറുതെ കൈവിട്ടുകളഞ്ഞിട്ടില്ല. അവനോട് കൽപിക്കുകയും നിരോധിക്കുകയും ചെയ്തു. എടുക്കാനും ഉപേക്ഷിക്കാനും ആവശ്യപ്പെട്ടു. ഒരു നിർണിത മരത്തിൽനിന്നും ഭുജിക്കരുതെന്ന് ആദമിനോട് കൽപിച്ചിരുന്നുവല്ലോ. കൽപിച്ച സ്രഷ്ടാവിന്റെ അവകാശം മനസ്സിലാക്കാനും ആ മരത്തിൽനിന്നൊരിക്കലും ഭുജിക്കാതിരിക്കാനും അദ്ദേഹം ബാധ്യസ്ഥനായിരുന്നു. എന്നാൽ ദൗർബല്യത്തിന്റെയും ഓർമക്കുറവിന്റെയും ഒരു നിമിഷത്തിൽ നിഷിദ്ധ വൃക്ഷത്തിൽനിന്നദ്ദേഹം കനി ഭുജിച്ചു. ഒപ്പം ഇണയും പങ്കുചേർന്നു. രണ്ടുപേരും സ്വർഗത്തിൽനിന്ന് ഇറക്കിവിടപ്പെടുകയായിരുന്നു ഫലം!

അകപ്പെട്ടുപോയ തെറ്റിനെക്കുറിച്ച് രണ്ടാൾക്കും ബോധ്യമായി. അവർ പശ്ചാത്താപവിവശരായി അല്ലാഹുവിങ്കലേക്ക് മടങ്ങി: "ഞങ്ങളുടെ നാഥാ, ഞങ്ങൾ ഞങ്ങളോടുതന്നെ അതിക്രമം കാണിച്ചിരിക്കുന്നു. നീ മാപ്പേകുകയും ദയ കാണിക്കുകയും ചെയ്തില്ലെങ്കിൽ ഉറപ്പായും ഞങ്ങൾ നഷ്ടം പറ്റിയവരായിത്തീരും. അല്ലാഹു കൽപിച്ചു: ഇറങ്ങിപ്പോകൂ! നിങ്ങളന്യോന്യം ശത്രുക്കളായിരിക്കും. ഭൂമിയിൽ നിങ്ങൾക്ക് താമസസൗകര്യമുണ്ട്; നിശ്ചിതകാലം വരെ ജീവിതവിഭവങ്ങളും. അവൻ പറഞ്ഞു: നിങ്ങൾ അവിടെത്തന്നെ ജീവിക്കും. അവിടെത്തന്നെ മരിക്കും. അവിടെനിന്നുതന്നെ നിങ്ങളെ പുറത്തുകൊണ്ടുവരികയും ചെയ്യും" (*അൽഅഅ്റാഫ്* 23-25).

അങ്ങനെ നമ്മുടെ മാതാപിതാക്കൾ ഭൂമിയിലിറങ്ങി. മക്കളിൽ പലരും അതേ കഥ അഭിനയിച്ചുക്കൊണ്ടിരിക്കുന്നു. അതേ തെറ്റുതന്നെ ആവർത്തിക്കുന്നു. പക്ഷേ, മരത്തിലെ കനി ഭുജിച്ചുകൊണ്ടല്ല, ഇഛകളുടെ പിന്നാലെ പോയിക്കൊണ്ട്. പാപവും കാരുണ്യനിഷേധവും അങ്ങനെ അവർ ഏറ്റുവാങ്ങുന്നു.

പ്രഥമ മനുഷ്യന്റെ ഈ പെരുമാറ്റം, അതിന്റെ കാരണമന്വേഷിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. കാര്യം വ്യക്തമാണ്. മനുഷ്യൻ ജീവിതം തുടങ്ങിയത് ഇരട്ടമുഖമുള്ള പ്രകൃതത്തോടെയാണ്; മണ്ണിന്റെ തോടിനുള്ളിൽ ദിവ്യപ്രകാശത്തിന്റെ പൊൻകിരണം! മനുഷ്യനെ മണ്ണിൽനിന്ന് രൂപപ്പെടുത്തിയ ശേഷം അല്ലാഹു തന്റെ ആത്മാവിൽനിന്ന് അവനിൽ ഊതുകയാണല്ലോ ചെയ്തത്. അപ്പോൾ സൃഷ്ടിപ്പിൽതന്നെ വൈരുധ്യങ്ങളുള്ള വിചിത്ര ജീവിയായി മനുഷ്യൻ! വാനോളം ഉയരാനും മണ്ണിലേക്ക് ഊർന്നിറങ്ങാനും അവന് കഴിയുമെന്നായി. സദ്മാർഗത്തിൽ നിലകൊള്ളാനും വഴിതെറ്റി ഉഴലാനും ഒരുപോലെ അവന് സാധിക്കും.

മനുഷ്യപ്രകൃതിയിലെ ഈ 'കലർപ്പി'ലേക്ക് ഖുർആൻ വിരൽചൂണ്ടുന്നു: "മനുഷ്യനെ നാം കൂടിക്കലർന്ന ബീജത്തിൽനിന്ന് സൃഷ്ടിച്ചു, നമുക്കവനെ പരീക്ഷിക്കാൻ. അങ്ങനെ നാമവനെ കേൾവിയും കാഴ്ചയുമുള്ളവനാക്കി" (*അൽ ഇൻസാൻ* 2). മനുഷ്യന് വീഴ്ചപറ്റുന്നതിൽ അതിശയമില്ലെന്ന് ഖുർആൻ സൂചന നൽകുന്നുണ്ട്. അതവന്റെ ഒരു സ്വഭാവമാണ്: "വൻ പാപങ്ങളും നീചവൃത്തികളും വർജിക്കുന്നവർ; കൊച്ചു വീഴ്ചകൾ ഒഴികെ. നിശ്ചയമായും നിന്റെ നാഥൻ ഉദാരമായി മാപ്പരുളുന്നവനാണ്. നിങ്ങളെ ഭൂമിയിൽനിന്ന് സൃഷ്ടിച്ചുണ്ടാക്കിയപ്പോഴും നിങ്ങൾ നിങ്ങളുടെ മാതാക്കളുടെ ഗർഭാശയത്തിൽ ഭ്രൂണമായിരുന്നപ്പോഴും നിങ്ങളെപ്പറ്റി അവന് നന്നായറിയാം" (*അന്നജ്മ്* 32).

ഭൗമികവും അഭൗമികവുമായ ഈ രണ്ട് സ്വഭാവങ്ങൾ ജീവിതപരിസരങ്ങളിൽ ഒന്നുകിൽ മനുഷ്യനെ വളർത്തും, അല്ലെങ്കിൽ തളർത്തും. മനുഷ്യനിൽ രണ്ടിലൊരു പ്രകൃതം ശക്തിപ്പെടാതിരിക്കില്ല. നന്മക്കോ തിന്മക്കോ അവനെ ഏൽപിച്ചുകൊടുക്കുന്നത് ഈ തെരഞ്ഞെടുപ്പാണ്. ചുകപ്പടയാളത്തിന്റെയടുത്ത് നിലകൊള്ളണോ അതിനെ മറികടന്ന് അപകടങ്ങളിൽ ചെന്ന് ചാടണോ എന്നത് മനുഷ്യന്റെ മാത്രം തീരുമാനമാണ്. "ആ ഒരുത്തന്റെ വിവരം നീ അവരെ കേൾപ്പിക്കുക. നാം അയാൾക്ക് നമ്മുടെ വചനങ്ങൾ നൽകി. അയാൾ അതിൽനിന്നും ഒഴിഞ്ഞുമാറി. അപ്പോൾ പിശാച് അവന്റെ പിറകെ കൂടി. അവൻ വഴികേടിലായി. നാം ഇഛിച്ചിരുന്നുവെങ്കിൽ ആ വചനങ്ങളിലൂടെത്തന്നെ നാമവനെ ഉന്നതിയിലേക്ക് നയിക്കുമായിരുന്നു (അവൻ ഉയരാനും ഉന്നതിപ്പെടാനും ആഗ്രഹിച്ചിരുന്നുവെങ്കിൽ). പക്ഷേ അയാൾ ഭൂമിയോട് ഒട്ടിച്ചേർന്ന് തന്നിഷ്ടത്തെ പിൻപറ്റുകയാണുണ്ടായത് (അപ്പോൾ അല്ലാഹു അവനെ അവനുദ്ദേശിച്ചിടത്ത് വിട്ടുകളഞ്ഞു)" (*അൽഅഅ്റാഫ്* 175,176).

ഇക്കാര്യം ഒന്നുകൂടി ഊന്നേണ്ടതുണ്ട്. ഉത്ഥാനപതനങ്ങളിൽ, ധർമാധർമങ്ങളിൽ, ദൈവത്തിന്റെ പൊരുത്തകോപ

ങ്ങൾ നേടുന്നതിൽ ഒക്കെ മനുഷ്യന്റെ ഇഛാസ്വാതന്ത്ര്യവും തെരഞ്ഞെടുപ്പും ഒരു യാഥാർഥ്യമാണ്. അതീവ ദയാലുവും കരുണാവാരിധിയുമായ അല്ലാഹു തന്റെ പൊരുത്തത്തിനു വേണ്ടി പണിയെടുക്കേണ്ടവനെ ശിക്ഷിക്കുക അസംഭവ്യമാണ്; ദൈവത്തിന്റെ ക്ഷോഭകോപങ്ങൾ വരുത്തിവെക്കുന്ന കാര്യങ്ങളിൽ നിമഗ്നരാവുന്നവർക്ക് അല്ലാഹുവിന്റെ പൊരുത്തം കിട്ടാത്തതുപോലെത്തന്നെ.

ഇപ്പറഞ്ഞതിൽ സംശയിക്കുന്നവരുണ്ട്. എന്നാൽ ഭൂമിയിലെ മനുഷ്യസാന്നിധ്യം നല്ലവനെയും തിയ്യവനെയും കണ്ടെത്താനുള്ള പരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണെന്നത് ഒരു വസ്തുതയത്രെ. "മരണവും ജീവിതവും സൃഷ്ടിച്ചവനാണവൻ. കർമനിർവഹണത്തിൽ നിങ്ങളിലേറ്റം മികച്ചവരാരെന്ന് അവൻ പരീക്ഷിക്കുന്നു" (*അൽമുൽക്* 2). സത്യത്തെ ആദരിക്കുകയും കർമനിഷ്ഠ പാലിക്കുകയും ചെയ്തവനാണ് ഗുണവാൻ. വക്രതയോട് കൂട്ടുകൂടി വീഴ്ചകൾ വരുത്തിയവൻ അധർമി. രണ്ടിലൊരു വഴി തെരഞ്ഞെടുക്കുന്നതിനുള്ള മനുഷ്യമനസ്സിലെ മൽപിടിത്തം സത്യമാണ്, സങ്കൽപമല്ല. "അപ്പോൾ ആര് അതിക്രമം കാണിക്കുകയും ഈലോകജീവിതത്തിന് അളവറ്റ പ്രാധാന്യം നൽകുകയും ചെയ്തുവോ അവന്റെ സങ്കേതം കത്തിക്കാളുന്ന നരകത്തീയാണ്. ആര് തന്റെ നാഥന്റെ പദവിയെ പേടിക്കുകയും മനസ്സിനെ ശാരീരികേഛകളിൽനിന്ന് വിലക്കി നിർത്തുകയും ചെയ്തുവോ, ഉറപ്പായും അവന്റെ മടക്കസ്ഥാനം സ്വർഗമാണ്" (*അന്നാസിആത്ത്* 37–41).

ഈ മൽപിടിത്തത്തിൽ രക്ഷപ്പെടാനുള്ള വഴി, താനും ഇതര ജീവജാലങ്ങളും അല്ലാഹുവിനുള്ള മേൽക്കോയ്മയിലാണെന്ന ബോധം ഉറപ്പിച്ചെടുക്കുകയാണ്. ഈ ബോധത്തിന്റെ വളർച്ചക്കൊത്ത് ഇഛയുടെ ശബ്ദം ദുർബലമാവുകയും ജാഗ്രത്തായ മനസ്സാക്ഷി, അഥവാ ജീവത്തായ മനസ്സ് അതിജയിക്കുകയും ചെയ്യുന്നു.

അല്ലാഹു മനുഷ്യനെ വിളിക്കുന്നു; ഓർമിപ്പിക്കുന്നു; നേർവഴി കാട്ടുന്നു. കേട്ടും ഉദ്ബോധനങ്ങൾ ഉൾക്കൊണ്ടും നേർവഴിയിൽ നടക്കാൻ മനുഷ്യൻ ബാധ്യസ്ഥനാണ്. വിസമ്മതിക്കുന്നുവെങ്കിൽ അധിക്ഷേപാർഹനായിത്തീരുന്നു. "നിങ്ങളുടെ നാഥനിൽനിന്ന് നിങ്ങൾക്കിതാ ഉൾക്കാഴ്ച തരുന്ന തെളിവുകൾ വന്നെത്തിയിരിക്കുന്നു. ആരെങ്കിലും അത് കണ്ടറിയുന്നുവെങ്കിൽ അതിന്റെ ഗുണം അവന് തന്നെയാണ്. ആരെങ്കിലും അന്ധത നടിച്ചാൽ അതിന്റെ ദോഷവും അവനുതന്നെ" (*അൽ അൻആം* 104). ''ആത്മാവും അതിനെ ക്രമപ്പെടുത്തിയതും അങ്ങനെ അതിന് ധർമത്തെയും അധർമത്തെയും സംബന്ധിച്ച ബോധം നൽകിയതും സാക്ഷി. തീർച്ചയായും ആത്മാവിനെ സംസ്കരിച്ചവൻ വിജയം വരിച്ചു. അതിനെ മലിനമാക്കിയവൻ പരാജയമടഞ്ഞു" (*അശ്ശംസ്* 7–10).

സംസ്കരണവും മലിനീകരണവും മനുഷ്യയജ്ഞമാണ്. അല്ലെങ്കിൽ തുടക്കം അങ്ങനെയാണ്. പിന്നെ ദൈവേഛ അതിനെ ലക്ഷ്യത്തിലെത്തിക്കുന്നു: "നേർമാർഗം വ്യക്തമായ ശേഷം ദൈവദൂതനെ എതിർക്കുകയും സത്യവിശ്വാസികളുടേതല്ലാത്ത പാത പിന്തുടരുകയും ചെയ്യുന്നവനെ നാം അവൻ പ്രവേശിച്ച വഴിയിലൂടെ തന്നെ തിരിച്ചുവിടും. അവസാനം നരകത്തീയിലേക്ക് തള്ളുകയും ചെയ്യും" (*അന്നിസാഅ്* 115).

ഇവിടെ ചോദ്യമിതാണ്: മനുഷ്യനെ വഴികേടിലേക്ക് ചുവടുവെപ്പിക്കുന്ന ആ അഭിശപ്ത ശബ്ദത്തിന്റെ നിലയെന്താണ്? വാസ്തവത്തിൽ അത്യുച്ചത്തിൽ മാറ്റൊലിക്കൊള്ളുന്ന അതിന്റെ ഉറവിടം തീരെ നിസ്സാരമാണ്. തവളക്കരച്ചിൽ പോലെ! രാത്രിയുടെ യാമങ്ങളെ ശബ്ദായമാനമാക്കുന്ന ആ ശബ്ദം വരുന്നത് നിസ്സാരമായ ഒരു ജീവിയിൽനിന്നല്ലേ?

ആദം ഏതു മരത്തിന്റെ കനിയായിരിക്കും തിന്നത്? അതിന്റെ സ്വാദ് ദീർഘനേരം അദ്ദേഹം ആസ്വദിച്ചിരിക്കുമോ? എത്ര സ്വാദുള്ളതാണെങ്കിലും അതിന്റെ പ്രത്യാഘാതങ്ങൾക്കു മുമ്പിൽ ആ സ്വാദിന് എന്തു വില? തെറ്റിന്റെ ആസ്വാദ്യത, അത് വരുത്തിവെക്കുന്ന കഷ്ടനഷ്ടങ്ങളോർക്കുമ്പോൾ തികച്ചും കയ്പുറ്റതാണ്. 'വിലക്കപ്പെട്ട കനി' രുചിച്ചുനോക്കാനുള്ള മൂഢമായ ആഗ്രഹം ഈ ദുൻയാവിൽ മനുഷ്യനെ വേട്ടയാടുന്നുണ്ട്. അത്തരം ആഗ്രഹങ്ങൾക്കു മുമ്പിൽ കാലിടറാതെ ഉറച്ചുനിൽക്കാൻ മനുഷ്യന് കഴിയണം.

മനുഷ്യനെ വഴിതെറ്റിക്കുന്ന ഉൾവിളികൾക്ക് രണ്ട് ഉറവിടങ്ങളുണ്ട്: ഒന്ന്, അവന്റെ മനസ്സ് അഥവാ അവന്റെ മണ്ണാലുള്ള പുറംതോട്. രണ്ട്, തുടക്കം മുതൽക്കേ അവനുമായി ശാത്രവം പുലർത്തുന്ന, അന്ത്യനാൾ വരേക്കും മനുഷ്യനോടുള്ള വൈരാഗ്യം തുടരുമെന്ന് പ്രതിജ്ഞയെടുത്ത സാക്ഷാൽ ചെകുത്താൻ. ആദം പാപത്തിൽ അകപ്പെട്ടുപോയതിനെക്കുറിച്ച് അല്ലാഹു പറഞ്ഞത്, 'നാം ഇതിനു മുമ്പ് ആദമിനോട് കരാർ ചെയ്തിരുന്നു. പക്ഷേ അദ്ദേഹമത് മറന്നു. അദ്ദേഹത്തെ നാം ഇഛാശക്തിയുള്ളവനായി കണ്ടില്ല' (*ത്വാഹാ* 115) എന്നാണ്. മറവിയും ഇഛാശക്തിയില്ലായ്മയുമായിരുന്നു ആദിമനുഷ്യന്റെ ദൗർബല്യങ്ങൾ. അത് ചെകുത്താന് കാര്യങ്ങൾ എളുപ്പമാക്കി. ആദമിനോടും സഹധർമിണിയോടും അവൻ ഘോഷിച്ചു: "നിങ്ങളുടെ നാഥൻ ഈ മരം നിങ്ങൾക്ക് വിലക്കിയത് നിങ്ങൾ മലക്കുകളായി മാറുകയോ ഇവിടെ നിത്യവാസികളായിത്തീരുകയോ ചെയ്യുമെന്നതിനാൽ മാത്രമാണ്". ഒപ്പം അവൻ അവരോട് ആണയിട്ടു പറഞ്ഞു: "ഞാൻ നിങ്ങളുടെ ഗുണകാംക്ഷി മാത്രമാണ്. അങ്ങനെ അവരിരുവരെയും വഞ്ചനയിലൂടെ അവൻ വശപ്പെടുത്തി" (*അൽഅഅ്റാഫ്* 20–22).

ഈ വഞ്ചനയിലും വശപ്പെടുത്തലിലും ചെകുത്താൻ വിജയിച്ചത് ആദമിന്റെ ഇഛാശക്തിയും ഓർമയും തളർന്നതുകൊണ്ടു മാത്രമാണ്. ആദ്യം മനസ്സിന്റെ ദൗർബല്യം, പിന്നെ പിശാചിന്റെ ദുർബോധനവും. മനുഷ്യന്റെ പതനത്തിന് ആദ്യാന്ത കാരണം പിശാചാണെന്ന വാദം നിലനിൽക്കത്തക്കതല്ല തന്നെ. പിശാച് ഒരു പ്രക്ഷേപണനിലയമാണ്. അവിടെനിന്നും പ്രകോപനത്തിന്റെയും പ്രലോഭനത്തിന്റെയും വൈവിധ്യമാർന്ന 'കല'കൾ പ്രക്ഷേപണം ചെയ്യപ്പെടുന്നു. മനുഷ്യനാണ് തന്റെ മനസ്സിനെ അവ സ്വീകരിക്കാനായി തുറന്നുവെക്കുന്നത്; വേണമെങ്കിൽ അവന് മനസ്സിനെ നിയന്ത്രിച്ച് നിർത്തുകയും ആവാമല്ലോ.

മനുഷ്യനെ വഞ്ചിക്കാനും വഴിതെറ്റിക്കാനുമുള്ള കഴിവ് പിശാചിന് ആദ്യമേ നൽകപ്പെട്ടിട്ടുണ്ട്. മനുഷ്യനോടുള്ള ശത്രുത അവനെ നശിപ്പിക്കാൻ നൂറുവഴികൾ കണ്ടെത്താൻ പിശാചിനെ ധൃഷ്ടനാക്കുന്നു. എന്നാൽ കളവിന്റെയും വഞ്ചനയുടെയും കപടനിറങ്ങൾ പുരട്ടി വലവീശാനല്ലാതെ മറ്റൊന്നും അവന് സാധ്യമല്ല. അവൻ കള്ളവാഗ്ദാനങ്ങൾ നൽകുകയും കള്ളസത്യം ചെയ്യുകയും വഞ്ചനാത്മകമായി ഉപദേശിക്കുകയും ചെയ്യുന്നു. അതിനൊക്കെയുള്ള അവന്റെ ആയുധം ദുർമന്ത്രണം മാത്രമാണ്. നുണയനും ചതിയനുമായ ഈ ശത്രുവിനെ അല്ലാഹു ആദമിനും സന്തതികൾക്കും പരിചയപ്പെടുത്തുകയും അവന്റെ വലയിൽ അകപ്പെട്ടുപോകാതെ ശ്രദ്ധിക്കാൻ അവരെ ഓർമപ്പെടുത്തുകയും ചെയ്തിട്ടുണ്ട്: "ആദമേ, തീർച്ചയായും അവൻ നിന്റെയും നിന്റെ ഇണയുടെയും ശത്രുവാണ്. അതിനാൽ അവൻ നിങ്ങളിരുവരെയും സ്വർഗത്തിൽ നിന്ന് പുറത്താക്കാൻ ഇടവരാതിരിക്കട്ടെ. അങ്ങനെ സംഭവിച്ചാൽ നീ ഏറെ നിർഭാഗ്യവാനായിത്തീരും" (*ത്വാഹാ* 117). "എന്നിട്ടും നിങ്ങൾ എന്നെ വെടിഞ്ഞ് അവനെയും അവന്റെ സന്തതികളെയുമാണോ രക്ഷാധികാരികളാക്കുന്നത്? അവർ നിങ്ങളുടെ ശത്രുക്കളാണ്. അതിക്രമികൾ അല്ലാഹുവിന് പകരം വെച്ചത് വളരെ ചീത്തതന്നെ" (*അൽകഹ്ഫ്* 50).

എന്നിട്ടും അനേകമാളുകളെ തന്റെ കള്ളമൊഴികളിലൂടെയും കപടനാട്യങ്ങളിലൂടെയും വഴിതെറ്റിക്കാൻ പിശാചിന് കഴിഞ്ഞു. അന്ത്യനാളിൽ തനിക്കുത്തരം ചെയ്തവരോടായി അവൻ പറയും: "എനിക്ക് നിങ്ങളുടെ മേൽ ഒരധികാരവും ഉണ്ടായിരുന്നില്ല – ഞാൻ നിങ്ങളെ ക്ഷണിച്ചുവെന്ന് മാത്രം. അപ്പോൾ നിങ്ങളെനിക്ക് ഉത്തരം നൽകി. അതിനാൽ നിങ്ങൾ എന്നെ കുറ്റപ്പെടുത്തേണ്ട. നിങ്ങളെ തന്നെ കുറ്റപ്പെടുത്തിയാൽ മതി." (*ഇബ്റാഹീം* 22).

പിശാചിന്റെ ആയുധം തീരെ ദുർബലമാണ്. അതിൽനിന്ന് രക്ഷപ്പെടാൻ എളുപ്പമാണ്. എന്നിട്ടും അവന്റെ പിടിത്തത്തിൽ വല്ലവനും കുടുങ്ങുകയാണെങ്കിൽ പിന്നെയൊരു രക്ഷകനും അവന് വരാനില്ല. നിയമം അശ്രദ്ധാലുക്കൾക്ക് സംരക്ഷണം നൽകില്ലല്ലോ! അതിനാൽ യഥാർഥമായ സംസ്കരണവും ഉപദേശങ്ങളും ആദ്യന്തം ലക്ഷ്യമാക്കേണ്ടത് മനുഷ്യനെയാണ്. അവൻ ജാഗ്രത്തായവട്ടെ. പിശാചിന് കടന്നു കൂടാനുള്ള വിള്ളലുകൾ അവൻ അടക്കുകയും ചെയ്യട്ടെ!

വൈവിധ്യങ്ങളുടെ 'കലർപ്പി'ൽനിന്നാണല്ലോ മനുഷ്യന്റെ ഉത്ഭവം. ആ മനുഷ്യനിൽ, മാനവികമായ 'അസലി'നോടൊപ്പം, കയറൂരിവിടാൻ പറ്റാത്ത മറ്റുചില പ്രകൃതങ്ങൾ കൂടിയുണ്ട്. അവയെ ശ്രദ്ധിക്കുകയും അവയുടെ അനക്കങ്ങളെയും അടക്കങ്ങളെയും ദൈവികവിധികൾക്ക് വിധേയപ്പെടുത്തുകയും വേണം. അല്ലെങ്കിൽ മനുഷ്യനെ അവ അത്യുന്നതങ്ങളിൽനിന്ന് അഗാധങ്ങളിലേക്ക് തട്ടിവീഴ്ത്തും. "തീർച്ചയായും മനുഷ്യനെ നാം മികവുറ്റ ഘടനയിൽ സൃഷ്ടിച്ചു. പിന്നെ നാമവനെ പതിതരിൽ പതിതനാക്കി" (*അത്തീൻ* 4,5). ഇതിനർഥം മനുഷ്യന്റെ സുന്ദരമായ ശരീരത്തെ വൈരൂപ്യത്തിലേക്ക് ഘടനാമാറ്റം വരുത്തി എന്നല്ല. അവനിൽ ഔന്നത്യത്തിന്റെ മഹദ്ഗുണങ്ങളോടൊപ്പം തകർന്നടിയാനുള്ള സാധ്യതകളും ഉണ്ടെന്ന് ധ്വനിപ്പിക്കുകയാണ്. ഉയരാനും താഴാനും ഒരുപോലെ അവന് കഴിയും. 'സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരൊഴികെ' (*അത്തീൻ* 6) എന്ന് പറഞ്ഞതിന്റെ സാരം അതാണ്. അതായത്, അത്തരക്കാരുടെ 'മികച്ച ഘടന' ഭൗതികമായും ആത്മീയമായും നിലനിൽക്കുമെന്നർഥം.

മനുഷ്യൻ വെടിഞ്ഞിരിക്കേണ്ട ദുഃസ്വഭാവങ്ങൾ ഖുർആൻ വിശദീകരിച്ചിട്ടുണ്ട്. സ്വാർഥത അതിലൊന്നാണ്. മനുഷ്യൻ സ്വന്തത്തെ സ്നേഹിക്കുന്നവനാണ്. ഈ സ്നേഹം ഒരു പരിധിവരെ ജീവിതത്തിന്റെ നിലനിൽപിന് ആവശ്യവുമാണ്. പക്ഷേ, പലപ്പോഴും ആ സ്നേഹം ആർത്തിയും അതിക്രമവും മറ്റുള്ളവന്റെ അവകാശങ്ങൾ തട്ടിയെടുക്കലുമൊക്കെ ആയി മാറിയേക്കും. അതിസമ്പന്നത പോലും സ്വാർഥമോഹങ്ങളെ ശമിപ്പിക്കുകയില്ല. "പറയുക, എന്റെ നാഥന്റെ കാരുണ്യത്തിന്റെ ഖജനാവുകൾ നിങ്ങളുടെ അധീനതയിലായിരുന്നുവെങ്കിൽ ചെലവഴിച്ചുതീർന്നുപോകുമോയെന്ന് പേടിച്ച് നിങ്ങളത് മുറുക്കിപ്പിടിക്കുമായിരുന്നു. മനുഷ്യൻ എന്തൊരു പിശുക്കൻ!" (*അൽ ഇസ്രാഅ്* 100).

മറവിയും ശ്രദ്ധയില്ലായ്മയും മനുഷ്യന്റെ കൂടപ്പിറപ്പാണ്. ഭൂമിയിൽ ജീവിതത്തിന്റെ തുടർച്ചക്ക് അത് ഒരുപക്ഷേ വേണ്ടിവന്നേക്കും. ദുഃഖങ്ങൾ വിടാതെ പിന്തുടർന്നാൽ മനുഷ്യന് ജീവിതം മുന്നോട്ടു കൊണ്ടുപോകാനാകുമോ? എന്നാൽ ശ്രദ്ധയില്ലായ്മ നന്ദികേടിന്റെയും അനുഗ്രഹദാതാവിനെ വിസ്മരിക്കുന്നതിന്റെയും അണുക്കളായി മാറിയേക്കും. "കടലിൽ നിങ്ങളെ വല്ല വിപത്തും ബാധിച്ചാൽ അല്ലാഹുവെ കൂടാതെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവയെല്ലാം അപ്രത്യക്ഷമാകുന്നു. എന്നാൽ അവൻ നിങ്ങളെ കരയിലേക്ക് രക്ഷപ്പെടുത്തിയാൽ നിങ്ങളവനിൽനിന്ന് തിരിഞ്ഞുകളയുന്നു. മനുഷ്യൻ ഏറെ നന്ദികെട്ടവൻതന്നെ" (*അൽ ഇസ്രാഅ്* 67). "തീർച്ചയായും മനുഷ്യൻ തന്റെ നാഥനോട് നന്ദിയില്ലാത്തവനാണ്. ഉറപ്പായും അവൻ തന്നെ ഈ നന്ദികേടിന് സാക്ഷിയുമാണ്" (*അൽ ആദിയാത്ത്* 6,7).

മനുഷ്യമനസ്സിനെ ബാധിക്കുന്ന ഒരുപാട് രോഗങ്ങളിലേക്ക് ഖുർആൻ സൂചന തരുന്നുണ്ട്. സമ്പത്ത് കൂടുമ്പോൾ അവൻ അഹങ്കാരിയായേക്കും. അധികാരം ലഭിച്ചാൽ അതിക്രമകാരിയായേക്കും. പരാജയം പറ്റിയാൽ നിരാശനായേക്കും. സ്ഥാനമോഹങ്ങളും വൈകാരികാസക്തികളും അവനെ സ്വന്തത്തിന്റെ അടിമയാക്കിയേക്കും. അങ്ങനെയങ്ങനെ. എന്നാൽ ഈ പാപങ്ങളിൽനിന്നെല്ലാം രക്ഷപ്പെടുക എളുപ്പമാണ്. ഇത്തരം മാർഗഭ്രംശങ്ങളുടെ അനർഥങ്ങളെപ്പറ്റി താക്കീത് ചെയ്തപ്പോഴും അവയിൽനിന്ന് രക്ഷപ്പെടാനുള്ള വഴികളും ഖുർആൻ പറഞ്ഞുതന്നിട്ടുണ്ട്: "കാലം സാക്ഷി, മനുഷ്യരൊക്കെയും നഷ്ടത്തിലാണ്; സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും സത്യം സ്വീകരിക്കാനും ക്ഷമകൈക്കൊള്ളാനും പരസ്പരം ഉപദേശിക്കുകയും ചെയ്തവർ ഒഴികെ" (*അൽ അസ്വ്ർ*). ഇവിടെ ചുരുക്കിപ്പറഞ്ഞത് മറ്റിടങ്ങളിൽ ഖുർആൻ വിശദീകരിച്ചിട്ടുണ്ട്. *സൂറത്തുൽ മആരിജ്* ശ്രദ്ധിക്കുക.

മനുഷ്യന്റെ ഉദ്ധൃത പ്രകൃതങ്ങളിലേക്ക് അത് വിരൽ ചൂണ്ടുന്നുണ്ട്: "മനുഷ്യൻ ക്ഷമകെട്ടവനായിട്ടാണ് സൃഷ്ടിക്കപ്പെട്ടത്. വിപത്ത് വരുമ്പോൾ അവൻ വെപ്രാളം കാട്ടും. നേട്ടം കിട്ടിയാലോ കെട്ടിപ്പൂട്ടിവെക്കും" (*അൽ മആരിജ്* 19-21). എന്നാൽ ഇത്തരം രോഗങ്ങളിൽനിന്ന് ഇബാദത്തുകളുടെ അനുഷ്ഠാനത്തിലൂടെ ശമനം നേടാം. ആ ഇബാദത്തുകൾ പ്രതിരോധ വാക്സിനുകളോ, അതല്ല രോഗവിമുക്തിക്കുള്ള ഔഷധങ്ങളോ? രണ്ടുമാകാം. "നമസ്കരിക്കുന്നവരൊഴികെ. അവർ നമസ്കാരത്തിൽ നിഷ്ഠ പുലർത്തുന്നവരാണ്. അവരുടെ ധനത്തിൽ ചോദിച്ചെത്തുന്നവർക്കും പ്രാഥമികാവശ്യങ്ങൾക്ക് വകയില്ലാത്തവർക്കും നിർണിതമായ അവകാശമുണ്ട്. വിധിദിനം സത്യമാണെന്ന് അംഗീകരിക്കുന്നവരാണവർ. തങ്ങളുടെ നാഥന്റെ ശിക്ഷയെ പേടിക്കുന്നവരുമാണ്. അവരുടെ നാഥന്റെ ശിക്ഷയെക്കുറിച്ച് നിർഭയരാകാവതല്ല, തീർച്ച. അവർ തങ്ങളുടെ സദാചാരനിഷ്ഠ പാലിച്ചുപോന്നവരാണ്. തങ്ങളുടെ ഇണകളിലോ അധീനതയിലുള്ളവരിലോ ഒഴികെ. ഇവരുമായി ബന്ധപ്പെടുന്നത് ആക്ഷേപാർഹമല്ല. എന്നാൽ അതിനപ്പുറം ആഗ്രഹിക്കുന്നവരോ, അവരത്രെ അതിക്രമികൾ. തങ്ങളുടെ വശമുള്ള സൂക്ഷിപ്പുസ്വത്തുക്കൾ സംരക്ഷിക്കുന്നവരും കരാർ പാലിക്കുന്നവരുമാണവർ. തങ്ങളുടെ സാക്ഷ്യങ്ങൾ സത്യസന്ധമായി പൂർത്തീകരിക്കുന്നവരുമാണ്. നമസ്കാരം നിഷ്ഠയോടെ നിർവഹിക്കുന്നവരുമാണ്. അവർ സ്വർഗത്തിൽ അത്യധികം ആദരിക്കപ്പെടുന്നവരായിരിക്കും" (*അൽ മആരിജ്* 22-35).

ഈ ഇബാദത്തുകളെല്ലാം കൂടി ഒരു പൂർണമനുഷ്യനെ വാർത്തെടുക്കാൻ പോന്നതാണെന്നത് നിസ്സംശയമാണ്. അഭിനയവും കാട്ടിക്കൂട്ടലുമാകരുത്, യഥാവിധി നിർവഹിക്കപ്പെടണമെന്നു മാത്രം.

'തങ്ങളുടെ സാക്ഷ്യങ്ങൾ സത്യസന്ധമായി പൂർത്തീകരിക്കുന്നവരാണവർ' എന്ന മേൽസൂക്ത ഭാഗം ശ്രദ്ധിക്കുക. മനുഷ്യൻ ഭാവിയോർത്ത്, ബന്ധുവിനെ പ്രീതിപ്പെടുത്താൻ, ധനംമോഹിച്ച്, പദവി ആഗ്രഹിച്ച് സത്യം പറയാൻ മടികാണിക്കും. മുസ്‌ലിം പക്ഷേ അങ്ങനെ ആയിക്കൂടാ. അവൻ സദാ സത്യസാക്ഷ്യനിർവഹണത്തിന് സന്നദ്ധനായിരിക്കണം; സത്യത്തെ സ്ഥാപിക്കാനും മിഥ്യയെ തകർക്കാനും നീതിയെ തുണക്കാനും വേണ്ടി. സത്യസാക്ഷ്യകരുടെ അഭാവത്തിൽ ഇസ്‌ലാമികസമൂഹം നിലംപൊത്തും.

മനുഷ്യന് അത്യുന്നതങ്ങളിലേക്ക് കയറിപ്പോകാനുള്ള കോണി അല്ലാഹുവിനുള്ള ഇബാദത്താണ്. മനുഷ്യൻ അല്ലാഹുവിനെ അറിഞ്ഞിരിക്കുകയും അവന്റെ മുമ്പിൽ തികവുറ്റ ഒരടിമയായി നിലകൊള്ളുകയും ചെയ്യേണ്ടതുണ്ട്. ആദം മറക്കുകയും ദുർബലനാവുകയും ചെയ്തപ്പോൾ സ്വർഗീയ നിലവാരത്തിന് താഴെയാവുകയും സ്വർഗത്തിൽനിന്ന് പുറത്താക്കപ്പെടുകയും ചെയ്തു. ആ മറവിയുടെയും ദൗർബല്യത്തിന്റെയും വിഴുപ്പ് പേറുവോളം ആദമിന്റെ മക്കളും സ്വർഗത്തിലേക്ക് മടങ്ങുകയില്ല. തെളിഞ്ഞ വിശ്വാസവും തികഞ്ഞ കർമവും ആ മടങ്ങിപ്പോക്കിന് അനിവാര്യമാണ്. ഖുർആനിൽ അങ്ങുന്നിങ്ങോളം ഈ വസ്തുത ഊന്നിപ്പറയുന്നുണ്ട്. ■

**വിവ: അബൂ ശരീഫ**
abushareefa@hotmail.com
***(ഇലലുൻ വ അദ്‌വിയ:***
**എന്ന ഗ്രന്ഥത്തിൽനിന്ന്)**